**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589** **19-09-2025 - ൽ മറുപടിയ്ക്ക്**

**1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ നിയമപ്രകാരം പട്ടയം നൽകാൻ 2009-ൽ സുപ്രീം കോടതി അനുമതി നൽകിയ 28500 ഹെക്ടർ ഭൂമിയിൽ എത്ര ഹെക്ടർ ഭൂമിക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്; ഇതിൽ സി.എച്ച്.ആറിൽ (കൺസർവേഷൻ ഓഫ് ഹാബിറ്റാറ്റ് ഏരിയ) ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമിക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്; ഇതിന്റെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നിങ്ങനെ 5 ജില്ലകളിലായി ആകെ 28588.159 ഹെക്ടർ ഭൂമിയ്ക്കാണ് 1980-ലെ വന സംരക്ഷണ നിയമത്തിലെ (Van Sanrakshan Evam Samvardhan Adiniyam, 1980) സെക്ഷൻ-2 പ്രകാരം 1993-ലെ പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിയ്ക്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ കൊല്ലം-61.2574 ഹെക്ടർ, പത്തനംതിട്ട-54.1432 ഹെക്ടർ, ഇടുക്കി-2667.8423, എറണാകുളം - 330.7822, തൃശ്ശൂർ-1788.8427 ഹെക്ടർ എന്നിങ്ങനെ പ്രസ്തുത 5 ജില്ലകളിലായി ആകെ 4902.8678 ഹെക്ടർ ഭൂമിയ്ക്ക് 1993-ലെ പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ പ്രകാരം നാളിതുവരെ പട്ടയം അനുവദിച്ചിട്ടുണ്ട്.<br><br>മേൽ പരാമർശിച്ച 28588.159 ഹെക്ടർ ഭൂമിയിൽ ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ മേഖലയിൽ പട്ടയം അനുവദിക്കുന്നതിനായി 20363.1590 ഹെക്ടർ ഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 14905.1137 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.<br>1993-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നല്കുന്നതിന് രൂപീകരിച്ച 7 സ്പെഷ്യൽ ഓഫീസുകൾ 2003 സെപ്റ്റംബർ മാസത്തിൽ അവസാനിപ്പിച്ചിരുന്നതും, പ്രസ്തുത ഓഫീസുകളിലെ റിക്കാർഡുകൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിലെ റിക്കാർഡ് സെക്ഷനുകളിലേക്ക് സൂക്ഷിക്കുന്നതിനായി കൈമാറിയിരുന്നതുമാണ്. തുടർന്ന് 2005 കാലഘട്ടത്തിൽ വീണ്ടും പുതിയ സ്പെഷ്യൽ ഓഫീസുകൾ പതിവിനായി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത ഓഫീസുകൾ ആരംഭിച്ചിരുന്നുവെങ്കിലും പട്ടയവുമായി ബന്ധപ്പെട്ട മുൻ രേഖകൾ ബന്ധപ്പെട്ട താലൂക്കുകളിലെ റിക്കാർഡ് സെക്ഷനുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. കാർഡമം ഹിൽ റിസർവ്വ് ഏരിയായിൽ കട്ടപ്പന, മുരിക്കാശ്ശേരി, രാജകുമാരി, |

| | | | |
|---|---|---|---|
| | | | ഇടുക്കി നെടുംങ്കണ്ടം എന്നീ 5 ഭൂമിപതിവ് സ്പെഷ്യൽ ഓഫീസുകൾ മുഖാന്തിരം പതിവ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. CHR ലെ പതിവ് സംബന്ധമായ വിവരങ്ങളെല്ലാം തന്നെ വിവിധ പതിവ് ഓഫിസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫിസുകളിലുമായി സൂക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ടി വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ